"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കോതമംഗലം നഗരസഭയിൽ ഡ്രൈവറായി സേവനമനുഷ്ഠിക്കുന്ന ശ്രീ.അഷ്റഫ്.എം.എച്ച്-ന്റെ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റി-ഇംബേഴ്സ്മെന്റായി അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2092/2023/LSGD തീയതി,തിരുവനന്തപുരം, 26-10-2023

---

പരാമർശം:-

1. കോതമംഗലം നഗരസഭയിലെ ഡ്രൈവർ ശ്രീ അഷ്റഫ്.എം.എച്ച്-ന്റെ മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് അപേക്ഷ.
2. എറണാകുളം ജില്ലാമെഡിക്കൽആഫീസർ (ആരോഗ്യം),-ന്റെ 8-5-2019ലെ സി3-7852/2019 നമ്പർ കത്ത്.
3. 25-7-2019ലെ കോതമംഗലം നഗരസഭാ കൗൺസിൽ 10ാം നമ്പർ തീരുമാനം.
4. കോതമംഗലം നഗരസഭാ സെക്രട്ടറിയുടെ 14-9-2021ലെ ജി1-6724/09 നമ്പർ കത്ത്.
5. നഗരകാര്യഡയറക്ടറുടെ 2-12-2021ലെ DC 5-5450/2020/ന.കു.വ. നമ്പർ കത്ത്.

**ഉത്തരവ്**

ഇടതുകാലിലെ അസ്ഥി പൊട്ടിയതിനെ തുടർന്ന് കോതമംഗലം മാർ ബസേലിയസ് ആശുപത്രിയിൽ ചികിത്സ നടത്തിയതിന് , ചെലവായ തുകയായ 51564/-രൂപ മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് ആയി അനുവദിക്കുന്നതിനുള്ള ,കോതമംഗലം നഗരസഭയിൽ ഡ്രൈവറായി സേവനമനുഷ്ഠിക്കുന്ന ശ്രീ.അഷ്റഫ്.എം.എച്ച്-ന്റെ പരാമർശം(1) പ്രകാരമുള്ള അപേക്ഷ പരാമർശം(5) പ്രകാരം നഗരകാര്യഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീ.അഷ്റഫ്.എം.എച്ച്-ന്റെ ഇടതുകാലിലെ അസ്ഥി പൊട്ടിയതിനെ തുടർന്ന് കോതമംഗലം മാർ ബസേലിയസ് ആശുപത്രിയിൽ ചികിത്സ നടത്തിയതിന് ,സർക്കാർ നിരക്കുകൾ പ്രകാരം അനുവദനീയമായ തുക 29904/രൂപയാണെന്ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചിരുന്നുവെന്നും എന്നാൽ ശ്രീ.അഷ്റഫ് എം.എച്ച്-ന്റെ ചികിത്സ തേടിയിരിക്കുന്ന സ്ഥാപനം, സർക്കാരിന്റെ അംഗീകൃത ആശുപത്രിയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, ചിലവായ തുക റീ-ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിന് സർക്കാരിൽ നിന്നുള്ള പ്രത്യേക അനുമതി ലഭ്യമാക്കണമെന്നും നഗരകാര്യഡയറക്ടർ പരാമർശം((5) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. കോതമംഗലം നഗരസഭയിൽ ഡ്രൈവറായി സേവനമനുഷ്ഠിക്കുന്ന

ശ്രീ.അഷ്‌റഫ്.എം.എച്ച്-ന്റെ ഇടതുകാലിലെ അസ്ഥി പൊട്ടിയതിനെ തുടർന്ന് കോതമംഗലം മാർ ബസേലിയസ് ആശുപത്രിയിൽ ചികിത്സ നടത്തിയതിന് ,സർക്കാർ നിരക്കുകൾ പ്രകാരം അനുവദനീയമായ തുക 29904/രൂപയാണെന്ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പരാമർശം(2) പ്രകാരം അറിയിച്ചിട്ടുണ്ട്.പ്രസ്തുത തുക അനുവദിക്കുന്നതിന് പരാമർശം(3) പ്രകാരം കോതമംഗലം നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോതമംഗലം നഗരസഭയിൽ ഡ്രൈവറായി സേവനമനുഷ്ഠിക്കുന്ന ശ്രീ.അഷ്‌റഫ്.എം.എച്ച്-ന്റെ ഇടതുകാലിലെ അസ്ഥി പൊട്ടിയതിനെ തുടർന്ന് കോതമംഗലം മാർ ബസേലിയസ് ആശുപത്രിയിൽ ചികിത്സ നടത്തിയതിന് സർക്കാർ നിരക്കുകൾ പ്രകാരം അനുവദനീയമായ തുകയായ 29904/- രൂപയുടെ 80% ആയ 23923/-രൂപ (ഇരുപത്തിമൂവായിരത്തി തൊള്ളായിരത്തി ഇരുപത്തിമൂന്നു രൂപ മാത്രം), പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ കോതമംഗലം നഗരസഭ സെക്രട്ടറിയും പ്രിൻസിപ്പൽ ഡയറക്ടറും പരിശോധിച്ച് ഉറപ്പു വരുത്തണമെന്ന വ്യവസ്ഥയിലും, ടി തുക കോതമംഗലം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ അനുവദിക്കണമെന്ന വ്യവസ്ഥയിലും കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 ബാധകമാക്കിയ 1998ലെ കേരള മുൻസിപാലിറ്റീസ്(എംപ്ലോയീസ് മെഡിക്കൽ അറ്റൻഡന്റ്സ്) റൂൾ പ്രകാരം മെഡിക്കൽ റി-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തുടർ പരിശോധനയിൽ ക്രമപ്രകാരമല്ലാതെയോ അധികമായോ തുക മാറി നൽകിയതായി കാണുന്ന പക്ഷം അപേക്ഷകൻ തുക തിരിച്ച് അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കോതമംഗലം നഗരസഭ,എറണാകുളം.
ശ്രീ.അഷ്‌റഫ്.എം.എച്ച്, ഡ്രൈവർ,കോതമംഗലം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 26-10-2023 16:58:39
സെക്ഷൻ ഓഫീസർ